പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1792 — 06.03.2017 ൽ മറുപടിക്ക്

## വാഹന അപകടങ്ങൾ ഇല്ലാത്ത കേരളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ബാബു : | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വാഹന അപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഓരോ മാസവും അപകടങ്ങളിൽ മരണപ്പെടുന്നവരുടെ ശരാശരി എണ്ണം വിശദമാക്കുമോ; | (ബി) 2016-ൽ ഓരോ മാസവും അപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു. |

| വർഷം | 2016 |
|---|---|
| ജനുവരി | 427 |
| ഫെബ്രുവരി | 375 |
| മാർച്ച് | 370 |
| ഏപ്രിൽ | 371 |
| മേയ് | 396 |
| ജൂൺ | 315 |
| ജൂലൈ | 304 |
| ആഗസ്റ്റ് | 314 |
| സെപ്റ്റംബർ | 365 |
| ഒക്ടോബർ | 345 |
| നവംബർ | 282 |
| ഡിസംബർ | 349 |
| ആകെ | 4213 |

| | |
|---|---|
| (സി) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (സി) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി നാറ്റ്പാക്കിന്റെ സഹായത്തോടെ റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനും, റോഡ് സേഫ്റ്റി പോളിസിയും രൂപീകരിച്ചിട്ടുണ്ട്. മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ടിന്റെ മാനദണ്ഡവും പോലീസ് വകുപ്പിന്റെ കണക്കും ആധാരമാക്കി നാറ്റ്പാക്കിന്റെ സഹായത്തോടെ 355 ആക്സിഡന്റ് ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇത്തരം സ്ഥലങ്ങളിൽ സിഗ്നൽ ലൈറ്റുകൾ, സൈൻ ബോർഡുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.<br>അമിത വേഗത നിയന്ത്രിക്കുന്നതിനായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ്, ഇന്റർസെപ്റ്റർ എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതു കൂടാതെ, ഡ്രൈവർമാർക്ക് വകുപ്പ് നൽകുന്ന പരിശീലനങ്ങളിൽ അമിത വേഗത ഒഴിവാക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുകയും, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. |

| | | |
|---|---|---|
| (ഡി) | വാഹന അപകടങ്ങൾ ഇല്ലാത്ത കേരളം എന്ന ലക്ഷ്യം കൈവരിക്കാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കേണ്ടത് എന്ന് വിശദമാക്കുമോ? | (ഡി) വാഹന അപകടങ്ങൾ കുറയ്ക്കുന്നിനായി നാറ്റ്പാക്കിന്റെ സഹായത്തോടെ റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനും, റോഡ് സേഫ്റ്റി പോളിസിയും രൂപീകരിച്ചിട്ടുണ്ട്. റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനിൽ ഇയർവൈസ് ടാർജറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡിന് ഇരുവശവുമുള്ള അനധികൃത ഹോർഡിംഗുകൾ നീക്കം ചെയ്യുന്നതിന് ഗവൺമെന്റ് തലത്തിൽ ഔട്ട് ഡോർ പോളിസി രൂപീകരിച്ചു വരുന്നു. അമിത വേഗത, മദ്യപിച്ചും അശ്രദ്ധമായും വാഹനം ഓടിക്കൽ തുടങ്ങിയവയ്ക്കെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ